**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിയിയിലുൾപ്പെടുത്തി ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതും നാളിതുവരെയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതുമായ 30 സ്കൂളുകളിലേക്കാവശ്യമായ 94 തസ്തികകൾ സൃഷ്ടിച്ച ഉത്തരവ് ഭേദഗതി വരുത്തി 103 തസ്തികകൾകൂടി താല്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ)നം. 264 /2015/പൊ.വി.വ തീയതി, തിരുവനന്തപുരം, 03/10/2015

---

പരാമർശം: 1) 14/07/2015 ലെ .സ.ഉ.(കൈ)നം.187/15/പൊ.വി.വ. നം.ഉത്തരവ്
2) 06/08/2015 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി4/876/2011/ഡി.പി.ഐ നം.കത്ത്

**ഉത്തരവ്**

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി 2012-13 മുതൽ തുടർന്നുള്ള വർഷങ്ങളിലും 30 സ്കൂളുകളുടെ പ്രൊപ്പോസൽ മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. നാളിതുവരേയും കേന്ദ്രസർക്കാരിന്റെ മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സ.ഉ(എം.എസ്)നം.249/2013/പൊ.വി.വ തീയതി7/9/2013 പ്രകാരം 2013-14 വർഷം 8-ആം ക്ലാസ് ആരംഭിച്ച് അധ്യയനം നടത്താൻ അനുവാദം നൽകിയ ടി സ്കൂളുകളിൽ തുടർ വർഷങ്ങളിൽ ഉപരിപഠനം നടത്താനായി 9-ആം ക്ലാസ്സും 10-ആം ക്ലാസ്സും പ്രവർത്തിച്ചുവരികയാണ്.

2) ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവാദം ലഭിക്കാത്ത ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം, കാസർഗോഡ് തുടങ്ങിയ 5 ജില്ലകളിലെ മേൽപറഞ്ഞ 30 സ്കൂളുകളിലേക്ക് പരാർശം (1) ലെ ഉത്തരവ് പ്രകാരം 94 വിവിധ തസ്തികകൾ സൃഷ്ടിക്കാൻ അനുവാദം നൽകിയിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, പരാമർശം (2) പ്രകാരം, ടി സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് വിവിധ കാറ്റഗറികളിലായി 197 തസ്തികകൾ ആവശ്യമാണെന്നും ആയതിനാൽ 94 തസ്തികകൾക്കുപുറമേ 103 തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കണമെന്നും ഇതിനാവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത 6,75,29,272 രൂപ (ആറു കോടി എഴപത്തിയഞ്ച് ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി ഇരുനൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) മാത്രമാണെന്നും അറിയിച്ചു. എന്നാൽ പരാമർശത്തിലെ ഉത്തരവിൽ 12,41,96,019 രൂപ (പന്ത്രണ്ട് കോടി നാല്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി പത്തൊമ്പത് രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യതയായാണ് കണക്കാക്കി ഉത്തരവായിരുന്നത്.

3) പൊതു വിദ്യഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ടി 30 സ്കൂളുകളിലേക്കാവശ്യമായി വരുന്ന തസ്തികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| No.of Schools upgraded | No.of Addl. posts required | Scale of pay |
|---|---|---|
| 30 | HSA-143 | 15380-25900 |
| | HSA(PT)-27 | 9940-16580 |
| | Clerk-06 | 9940-16580 |
| | PET-06 | 11620-20240 |
| | OA-08 | 8500-13210 |
| | FTCM-07 | 8500-13210 |
| | TOTAL-197 | Financial liability ₹6,75,29,272 |

4) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം സമഗ്രമായി പരിശോധിച്ചു. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ അംഗീകാരം നൽകാത്തതുമായ 30 ഹൈസ്കൂളുകളിലേക്ക് കെ.ഇ.ആർ പ്രകാരം 197 തസ്തികകൾ ആവശ്യമാണ്. പ്രസ്തുത സ്കൂളുകളിലേക്കായി പരാമർശത്തിലെ ഉത്തരവ് പ്രകാരം വിവിധ 94 തസ്തികകൾ സൃഷ്ടിക്കാൻ അനുവാദം നൽകിയ ഉത്തരവ് ഭേദഗതി വരുത്തി താഴെ വിവരിക്കുന്ന പ്രകാരം 197 തസ്തികകൾ താൽക്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| No.of Schools upgraded | No.of Addl. posts required | Scale of pay |
|---|---|---|
| 30 | HSA-143 | 15380-25900 |
| | HSA(PT)-27 | 9940-16580 |
| | Clerk-06 | 9940-16580 |
| | PET-06 | 11620-20240 |
| | OA-08 | 8500-13210 |
| | FTCM-07 | 8500-13210 |
| | TOTAL-197 | |

5) ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന തസ്തികകളിലേക്ക് നിലവിൽ അധികമായി കണ്ടെത്തിയിട്ടുള്ള അധ്യാപക-അനധ്യാപകരിൽ നിന്നോ അവരുടെ അഭാവത്തിൽ പി.എസ്.സി മുഖേനയോ നിയമനം നടത്തേണ്ടതാണ്. പ്രസ്തുത തസ്തികളുടെ തുടർച്ചാനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ഓരോ വർഷവും കണക്കെടുത്ത് ആവശ്യമായ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാനായി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.എസ്.സെന്തിൽ,

അഡീഷണൽ ചീഫ് സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, ആർ.എം.എസ്.എ, തിരുവനന്തപുരം.
പ്രിൻസിപ്പൾ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം. 7496 തീയതി 23/09/2015)
ധനകാര്യവകുപ്പ് (അനൗ.ക.നം.70843/ഇ.ഡി.എൻ.ബി1/15/ധന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ.ഉ(എം.എസ്) നം.187/2015/പൊ.വി.വ തീയതി 14/07/2015 തീർപ്പുഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ